**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **02-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകൾ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സ്ഥിരപട്ടയം നൽകാനാകും എന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകൾ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്ത് സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതും ആയത് ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരത്തിനായി 22.01.2020 ൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ വ്യക്തിഗത സ്കെച്ചുകൾ തയ്യാറാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വില്ലേജിൽ നിന്നും LA റിക്കോർഡുകൾ തയ്യാറാക്കുവാനും സാധിക്കുകയുള്ളൂ. ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കൈവശക്കാർക്ക് പട്ടയം നൽകാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | 1994 ൽ തന്നെ പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്ര പേർക്കാണ് പട്ടയം നൽകേണ്ടത്; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരം തിരിച്ചിട്ടുണ്ടോ; | (സി) | അഞ്ചുചങ്ങല പ്രദേശത്ത് പട്ടയം നൽകുന്നതിന് നിലവിൽ 476 അപേക്ഷകളാണുള്ളത്. ഏകദേശം അഞ്ഞൂറ്റിയെട്ടോളം (508) കൈവശക്കാർ അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ വില്ലേജുകളിലുള്ളതായി അറിയുന്നു. ഇതിൽ കൃഷിഭൂമി എത്രയാണെന്നും താമസക്കാർ എത്രയാണെന്നും തരം തിരിച്ചിട്ടില്ല. |
| (ഡി) | എത്ര പേർക്ക് പട്ടയം നൽകാനുള്ള നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കി നൽകാമോ; | (ഡി) | പട്ടയം നൽകുന്നതിനുള്ള നടപടികൾ നിലവിൽ പൂർത്തിയായിട്ടില്ല. ഇറിഗേഷൻ വനം വകുപ്പുകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളത്, ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോ, കൃത്യമായ റീസർവ്വേ രേഖകൾ ഇല്ല എന്ന | (ഇ) | 2014-15 കാലഘട്ടത്തിലാണ് 476 അപേക്ഷകളിന്മേൽ പട്ടയ നടപടികൾ ആരംഭിച്ചത്. 26.02.2019 ലെ ജി.ഒ (ആർ.റ്റി) 77/19/റവ പ്രകാരം പരമാവധി 15 സെന്റ് |

| | | | |
|---|---|---|---|
| | കാരണത്താൽ പട്ടയ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി ഏന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നു അറിയിക്കാമോ; | | നിജപ്പെടുത്തി കൈവശഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ നിലവിൽ നടന്നു വരുന്നു. ബി.റ്റി.ആർ, എഫ്.എം.ബി. എന്നിവ റവന്യൂ വകുപ്പിൽ ലഭ്യമാണ്. |
| (എഫ്) | പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | (എഫ്) | പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ